മാർച്ച് 2026

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

131-ാമത് മാരാമൺ കൺവൻഷൻ സമംഗളം പര്യവസാനിച്ചു. കൺവൻഷന്റെ നടത്തിപ്പിൽ ആദ്യാവസാനം വ്യാപരിച്ച ദൈവകൃപയ്ക്കായി ദൈവത്തെ സ്തുതിക്കാം. അനേകരുടെ അദ്ധ്വാനവും കൂട്ടായ സഹകരണവും കൺവൻഷന്റെ നടത്തിപ്പിലുണ്ടായിരുന്നു എന്നത് കൃതജ്ഞതയോടെ സ്മരിക്കുന്നു. വചന ഘോഷണത്തിന്റെ മഹാമാരി നേരിട്ടനുഭവിക്കുവാൻ കഠിന ചൂടിലും പമ്പയുടെ തീരം അണഞ്ഞവരെ ഓർത്തു ദൈവത്തിന് നന്ദി കരേറ്റുന്നു. സാമൂഹിക മാധ്യമങ്ങളിലൂടെ വചനം ശ്രവിച്ചവരും ഏറെയാണ്. വിവിധ ഭാഷ കൂട്ടായ്മകൾ അനുഗ്രഹപ്രദമായിരുന്നു. പ്രവർത്തന മേഖലകളിൽ നിന്നും വിശ്വാസികളെ മാരാമണ്ണിൽ കൂട്ടിവരുത്തുവാൻ ശ്രദ്ധിച്ച പട്ടക്കാരോടും സുവിശേഷകരോടും സഭയ്ക്കുള്ള നന്ദി അറിയിക്കുന്നു. വ്യത്യസ്ഥതകളുടെ കൂട്ടായ യാത്രയാണല്ലോ വിശ്വാസയാത്ര. ഈ വിശ്വാസ യാത്രയിലെ കണ്ണികളായ നമുക്കൊരുമിച്ചു പ്രത്യാശയോടും പൂർവാധികം ശക്തിയോടും നമ്മുടെ യാത്ര തുടരാം. കൺവൻഷന് നേതൃത്വം നൽകിയ മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം ഭാരവാഹികൾ, മാനേജിങ് കമ്മറ്റി അംഗങ്ങൾ, മറ്റു വിവിധ രീതിയിൽ സഹായിച്ച എല്ലാവരോടും പ്രത്യേകിച്ച് കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകളോടും ജനപ്രതിനിധികളോടുമുള്ള നന്ദിയെ പ്രകാശിപ്പിക്കുന്നു. വചനത്തിന്റെ കാലികമായ വ്യാഖ്യാനങ്ങളെ വ്യത്യസ്ത സാമൂഹിക പരിസരങ്ങളിലുള്ളവരിലൂടെ ശ്രവിച്ചതും അതിനനുസരിച്ചു ജീവിതത്തെ പുനഃക്രമീകരിക്കാനുള്ള അവസരം ലഭിച്ചതും വിശ്വാസ ജീവിതത്തിലെ അസുലഭ നിമിഷങ്ങളത്രെ. ഓരോ കൺവൻഷനും നമ്മിൽ ഉണർത്തുന്ന കൂട്ടായ്മയുടെയും കരുതലിന്റെയും ദൈവസ്നേഹത്തിന്റെയും ബഹിർസ്ഫുരണങ്ങളായി നമ്മുടെ ജീവിതം മാറുമ്പോൾ കൺവൻഷൻ അർത്ഥവത്തായി എന്ന് നമുക്കു പറയാം.

നോമ്പിന്റെ നാളുകളിലൂടെ നാം കടന്നുപോകുന്നുവല്ലോ. വലിയ നോമ്പിന്റെ നാളുകൾ നമ്മുടെ ക്രിസ്തീയ സ്വഭാവങ്ങളും നിയോഗങ്ങളും പുഷ്ടിപ്പെടുത്തുവാനുള്ള സന്ദർഭമാണ്. നിരന്തര പ്രാർത്ഥനയുടെയും ജീവിത ക്രമീകരണത്തിന്റെയും നാളുകളായി ഈ ദിവസങ്ങളെ രൂപാന്തരപ്പെടുത്തണം. വ്യക്തിഗത, സാമൂഹിക ജീവിതത്തിലെ പുഴുക്കുത്തുകളെ തിരിച്ചറിയുവാനും മനുഷ്യരോടും പ്രകൃതിയോടുമുള്ള നമ്മുടെ ഉത്തരവാദിത്വം ഏറ്റെടുക്കാനും നോമ്പുദിനങ്ങൾ നമ്മെ ആഹ്വാനം ചെയ്യുന്നു. നാം നമ്മുടെ നിയന്ത്രണത്തിലാണോ എന്ന് അറിയാനുള്ള ഉപാധികൂടിയാണ് നോമ്പ് ആചരണം. തീൻ മേശകളിൽ മാത്രം പോരാ നോമ്പാചരണം. ലഹരിയ്ക്കും മയക്ക് മരുന്നിനും അടിമപ്പെടുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു. ലഹരി വിൽക്കുന്നവർ വിദ്യാലയ പരിസരങ്ങളെ വലയം ചെയ്തു കഴിഞ്ഞു. ഇപ്രകാരമുള്ള ആസക്തികളിൽ നിന്നെല്ലാം മാറിനില്ക്കേണ്ടതാവിശ്യമാണ്. ഡിജിറ്റൽ ഗാഡ്ജറ്റുകളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങളിൽ നിന്നു കൂടി നമ്മുടെ മനസ്സുകളെ വിമലീകരിക്കാൻ ഡിജിറ്റൽ നോമ്പ് ആചരണത്തെകുറിച്ചു കൂടി നാം ആലോചിക്കണം. ഡിജിറ്റൽ മിനിമലിസം ഈ കാലങ്ങളിൽ നമുക്ക് പരിശീലിക്കാം. റീലുകൾ നമ്മളെ എങ്ങും എത്തിക്കില്ല. നിരാശയിലാക്കും. ലൈക്കുകൾ കുറഞ്ഞു പോയാൽ അത്മവിശ്വാസം ചോർന്നു പോകുന്ന അവസ്ഥ അപകടകരമാണ്. നോമ്പുകാലത്തെ ഏറ്റവും പ്രാധാന്യമുള്ള വിശുദ്ധവാരവും മാർച്ച് മാസത്തിൽ തന്നെ ആരംഭിക്കുന്നു. വിശുദ്ധ വാരത്തിൽ നാം യേശുക്രിസ്തുവിന്റ ക്രൂശ് മരണത്തെ ധ്യാനിക്കുകയും ഉയിർപ്പിനെ കൊണ്ടാടുകയും ചെയ്യുന്നു. രക്ഷകനായ ക്രിസ്തുവിനോടൊപ്പം ക്രിസ്തുവിങ്കലേക്ക് അവന്റെ ക്രൂശിന്റെ പാതയിൽ സഞ്ചരിക്കുന്ന ഈ നാളുകൾ, പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ആരാധനയുടെയും അനുഗ്രഹീത കാലമായിത്തീരുവാൻ ദൈവം തുണയ്ക്കട്ടെ.

വീണ്ടും ഒരു പൊതു തിരഞ്ഞെടുപ്പു കാലങ്ങളിലേക്ക് കേരളം പ്രവേശിക്കുന്നു. ഇന്ത്യൻ ജനാധിപത്യത്തിനും മതേതരത്വത്തിനും കടുത്ത ഭീഷണി ഉയരുന്ന വർത്തമാന സാഹചര്യങ്ങളിൽ തിരഞ്ഞെടുപ്പുകളെ ഗൗരവമായി സമീപിക്കണം. വ്യത്യസ്ത ഭാഷകൾ, വ്യത്യസ്ത ഭക്ഷണരീതികൾ, കാഴ്ചപ്പാടുകൾ, വിശ്വാസങ്ങൾ, ആചാരങ്ങൾ, വ്യത്യസ്ത സാമ്പത്തിക സ്ഥിതി, എല്ലാം ഉൾക്കൊള്ളുന്ന എല്ലാവരെയും ചേർത്തു നിർത്തുന്ന, എല്ലാവർക്കും തുല്യ അവകാശമുള്ള, ഭരണകൂടങ്ങളാണ് രാജ്യത്തിന് ആവശ്യം. അതാണ് ജനാധിപത്യത്തിന്റെ സൗന്ദര്യം. ജനാധിപത്യം ഏകാധിപത്യത്തിന് വഴി മാറിക്കൂടാ. ബദൽ സ്വരങ്ങൾക്കും അഭിപ്രായങ്ങൾക്കും സ്ഥാനം ഉണ്ടാകണം. ജനാധിപത്യത്തിൽ ജനങ്ങളാണ് വലുത്. ജനകീയ പ്രശ്നങ്ങളിൽ പൊതു സംവാദങ്ങൾ ഉണ്ടാവണം. വിമർശനങ്ങളെ ഉൾകൊള്ളാൻ കഴിയണം. വോട്ടിനു വേണ്ടി, താത്കാലിക നേട്ടത്തിനായി വർഗീയതയോട് സന്ധി ചെയ്യാത്ത രാഷ്ട്രീയമാണ് ഉയർത്തിപ്പിടിക്കേണ്ടത്. സമൂഹം ഏറ്റവും കൂടുതൽ എതിർക്കേണ്ടത് വർഗീയതയെയാണ്. വോട്ടിനു വേണ്ടി മതഭ്രാന്തിനോട് സന്ധി ചെയ്യരുത്. ജനങ്ങൾ കൈകോർത്തു നിന്നാൽ ഏതു തരം വർഗീയതയും തീവ്രവാദവും ഇല്ലാതാവും. ഭരണഘടന പ്രസംഗത്തിൽ മാത്രമാകരുത്. ന്യൂനപക്ഷങ്ങൾ, ദളിതർ, പട്ടിക വർഗ്ഗ വിഭാഗങ്ങൾ എന്നിവരുടെ ഭരണഘടന അവകാശങ്ങൾക്ക് വില നൽകണം. രാജ്യത്ത് വർഗീയത പ്രോത്സാഹിപ്പിക്കുന്ന എല്ലാ നിലപാടുകളും ചോദ്യം ചെയ്യപ്പെടണം. തിരഞ്ഞെടുപ്പ് കാലത്ത് അടിസ്ഥാന ജനകീയ വിഷയങ്ങളായ യുവജനങ്ങളുടെ കുടിയേറ്റവും വന്യജീവി, തെരുവ് നായ ആക്രമണങ്ങളും വർദ്ധിച്ചു വരുന്ന കുറ്റകൃത്യങ്ങളും ലഹരി ഉപയോഗവും വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാര തകർച്ചയും ചർച്ച ചെയ്യപ്പെടണം. ജനങ്ങളെ നയിക്കുന്നവർ ധാർമ്മികത ഉയർത്തിപ്പിടിക്കുന്നവരാകണം. ജീവിത മൂല്യങ്ങൾക്ക് വില കല്പിക്കണം. ഇല്ലെങ്കിൽ അത് സമൂഹത്തിന് വിപത്തായി മാറും. പൊതു ഇടങ്ങളിൽ ക്രൈസ്തവ സാന്നിധ്യം വർധിപ്പിക്കാൻ തിരഞ്ഞെടുപ്പു രംഗത്തേക്ക് കൂടുതൽ പേർ കടന്നു വരണം. പൊതു ഭരണ രംഗത്തും ക്രൈസ്ത സാന്നിധ്യം വർധിപ്പിച്ച് സേവന സന്നദ്ധത ഉള്ള സിവിൽ സർവീസ് കെട്ടിപ്പടുക്കാൻ നാം ഒരുങ്ങണം. വോട്ടെടുപ്പ് പ്രക്രീയയിൽ എല്ലാവരും പങ്ക് ചേരണം.

നിർമ്മിതബുദ്ധിയുടെ അപാര സാദ്ധ്യതകൾ വെളിവാക്കുവാനും ഇന്ത്യയിൽ അത്തരം സംരംഭങ്ങളെ എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്ന് മനസ്സിലാക്കുവാനുമുള്ള എ. ഐ. ഉച്ചകോടി ഈ അടുത്തയിടയിൽ നടക്കുകയുണ്ടായി. ഇത്തരം ജനകീയ പ്രവർത്തനങ്ങളിൽ കേന്ദ്ര സർക്കാർ എടുക്കുന്ന എല്ലാ നടപടികളെയും ശ്ലാഘിക്കുന്നു. ജീവിതത്തിന്റെ വിവിധ മേഖലകളെ ആയാസരഹിതമാക്കാനുള്ള അനന്ത സാദ്ധ്യതകൾ എ.ഐ.യ്ക്കുണ്ടെന്നു സമ്മതിക്കുമ്പോൾ തന്നെ അവയ്ക്കു ബോധജ്ഞാനം പ്രാപിക്കുവാനുള്ള സാധ്യതയുണ്ടോ എന്നതിൽ ശാസ്ത്രജ്ഞർ രണ്ടുതട്ടിലാണ്. ബോധജ്ഞാനം തികച്ചും ജൈവികമാണെന്നും ഒരിക്കലും ഒരു യന്ത്ര സംവിധാനത്തിനും അത് സാധിക്കുകയില്ലെന്നും ഒരുകൂട്ടർ പറയുന്നു. അതിലുപരി ന്യൂറോബയോളജിയുടെ സമ്മാനമായ ബോധജ്ഞാനവും അനുകമ്പയും ആർദ്രതയും പോലെയുള്ള വികാരപരതയും എങ്ങനെ യാന്ത്രീകമായി പകർന്നു നല്കാൻ കഴിയും എന്ന ചോദ്യവും സംഗതമാണ്. എന്നാൽ സ്വയം നവീകരിക്കുന്ന ബുദ്ധിപ്രയോഗ സങ്കേതങ്ങൾ രൂപപ്പെടുത്തുക സാധ്യമാണെന്ന് ചിലർ വാദിക്കുന്നു. എന്തായാലും നിർമിതബുദ്ധിയുടെ ബോധജ്ഞാന സാധ്യതകളെക്കുറിച്ചും അതിന്റെ വ്യവഹാര / നിർവഹണ രീതികളെക്കുറിച്ചും ധാർമിക പ്രാധാന്യത്തെക്കുറിച്ചും ഗൗരവതരമായ ബോധം അനിവാര്യമാണെന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.

മാർച്ച് 1 അന്താരാഷ്ട്ര സിവിൽ ഡിഫെൻസ് ദിനമായി ആചരിക്കുന്നു. സമൂഹത്തിൽ നടമാടുന്ന വിവേചനങ്ങൾക്കെതിരെ മനുഷ്യ മനസാക്ഷിയെ ഉണർത്തുക എന്നതാണ് ഈ ദിനത്തിന്റെ ഉദ്ദേശ്യം. എല്ലാ വർഷവും മാർച്ച് 8, അന്താരാഷ്ട്ര വനിതാ ദിനമായി ആചരിക്കുന്നു. Give to Gain- എന്ന വിഷയം ഈ വർഷത്തെ ചിന്തയ്ക്കായി തെരഞ്ഞെടുത്തിരിക്കുന്നു. സ്നേഹവും സന്തോഷവും ആർദ്രതയും കരുണയുമൊക്കെ ലോകത്തിനു പകർന്നു നൽകുന്ന സ്ത്രീത്വത്തിന് അത്തരം വികാരങ്ങളെയൊന്നും സമൂഹത്തിൽ നിന്നും തിരികെ ലഭിക്കുന്നില്ല എന്ന യാഥാർഥ്യം ഉയർത്തിക്കാണിക്കുക എന്നതാണ് ഉദ്ദേശ്യം. അതുകൊണ്ടുതന്നെ വനിതകളെ ആദരിക്കാൻ മാത്രമല്ല, സ്ത്രീകളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും, സ്ത്രീകൾ നേരിടുന്ന അസമത്വങ്ങൾക്കും അടിച്ചമർത്തലിനുമെതിരെ പോരാടുന്നതിനും സമൂഹത്തിൽ തുല്യത കൈവരിക്കുന്നതിനും സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾക്കെതിരെ ശബ്ദമുയർത്തുന്നതിനും സ്ത്രീകൾ ഉൾപ്പടെയുള്ള സമൂഹത്തെ പ്രചോദിതരാക്കാനുള്ള ദിവസമാണിത്. ഓരോ വനിതാ ദിനവും സ്ത്രീത്വത്തിന്റെ ആഘോഷമായി മാറട്ടെയെന്നു ആശംസിക്കുന്നു.

മല്ലപ്പള്ളി സ്വദേശികളായ അരുൺ എബ്രഹാമിന്റെയും ഷെറിൻ ആൻ ജോണിന്റെയും മകൾ ആലിൻ ഷെറിൻ എബ്രഹാം പിറന്ന് 9 മാസമെത്തും മുമ്പ് കൊഴിഞ്ഞിട്ടും ഇപ്പോൾ നാല് പേർക്ക് കാരുണ്യത്തിന്റെ വഴിതുറന്ന് സ്നേഹത്തിന്റെ പര്യായമായി മാറി. തങ്ങളുടെ പ്രിയപ്പെട്ട കുഞ്ഞിനെ നഷ്ടപ്പെട്ട വേദനയുടെ നടുവിലും, മറ്റുള്ളവരെ കരുതുവാൻ മനസ്സ് കാട്ടിയ മാതാപിതാക്കളുടെ തീരുമാനം മനുഷ്യകുലത്തിന് മുന്നിലുള്ള വേറിട്ട സാക്ഷ്യമാണ്. മരണത്തിന്റെ തീവ്രദുഃഖത്തിൽ പോലും ജീവന്റെ ജ്വാല കാ

ത്തുസൂക്ഷിക്കാമെന്ന വിശ്വാസം ഈ കുടുംബം നമ്മെ പഠിപ്പിക്കുന്നു. ഈ മഹത്തായ തീരുമാനത്തിലൂടെ അനേകർ അവയവദാനം എന്ന സത്കർമ്മത്തിനായി മുന്നോട്ട് വരാനിടയാകും എന്നതിന് സംശയമില്ല. ഈ പ്രിയ കുടുംബത്തെ അവരുടെ ഭവനത്തിൽ പോയി സന്ദർശിക്കുവാനും ആശ്വസിപ്പിക്കുവാനും അവരോടൊരുമിച്ച് പ്രാർത്ഥിക്കുവാനും ഇടയായി എന്നതും ഈ അവസരത്തിൽ ഓർക്കുന്നു. ദൈവം ഈ കുടുംബത്തെ തന്റെ സമാധാനത്താൽ നിറച്ച് ആശ്വാസവും പ്രത്യാശയും പകരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഭാഗ്യസ്മരണീയനായ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ നാമധേയത്തിലുള്ള 26-ാമത് സ്മാരക പ്രഭാഷണം തൃശൂർ എബനേസർ മാർത്തോമ്മാ പള്ളിയിൽ വെച്ച് 2026 മാർച്ച് മാസം 15 -ാം തീയതി വൈകിട്ട് 4 മണിക്ക് നടത്തുവാൻ ക്രമീകരിച്ചിരിക്കുന്നു. സീറോ മലബാർ സഭയുടെ തൃശൂർ അതിരൂപത മെട്രോപ്പോലീറ്റൻ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് തിരുമേനി മുഖ്യ അതിഥിയായി സംബന്ധിക്കുന്നതും പ്രഭാഷണം നടത്തുന്നതുമാണ്. എല്ലാവരും അന്നേ ദിവസം സ്മാരക പ്രഭാഷണത്തിൽ വന്ന് സംബന്ധിക്കണമെന്ന് താല്പര്യപ്പെടുന്നു.

സെമിനാരി പഠനം പൂർത്തിയാക്കിയ 14 പേരെ വൈദിക തിരഞ്ഞെടുപ്പ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം സഭയുടെ ശെമ്മശ്- കശ്ശീശാ സ്ഥാനങ്ങളിലേക്ക് പ്രവേശിപ്പിക്കുവാൻ എപ്പിസ്കോപ്പൽ സിനഡ് തീരുമാനിച്ചു. നിയോഗ ശുശ്രൂഷയിലും ശുശ്രൂഷാ സ്ഥാനങ്ങളിലും ദൈവകൃപ ധാരാളമായി വ്യാപരിക്കേണ്ടതിനായി എല്ലാവരും ദൈവസന്നിധിയിൽ പ്രാർത്ഥിക്കണം.

ആരാധന നിത്യവും നിരന്തരവുമായി നിർവ്വഹിക്കപ്പെടേണ്ട അനുഭവമാണ്. ക്രിസ്തുവിന്റെ സ്നേഹത്തിൽ നമ്മെ നിലനിർത്തുന്നതും നയിക്കുന്നതും ആരാധനയാണ്. അതുകൊണ്ട് തന്നെ ആരാധനാക്രമങ്ങളും സഭയുടെ ശുശ്രൂഷാ ക്രമങ്ങളും വളരെ പ്രാധാന്യം അർഹിക്കുന്നു. അവ സൗകര്യാർത്ഥം ഭേദപ്പെടുത്തി ഉപയോഗിക്കുന്നതിനോ, മറ്റു സഭകളുടെ ശുശ്രൂഷാ ക്രമവുമായി ഇടകലർത്തി ഉപയോഗിക്കുന്നതിനോ ആർക്കും അവകാശം ഇല്ലാത്തതുമാണ്. വിശുദ്ധ കൂദാശകൾക്ക് ശുശ്രൂഷാ ക്രമം സൗകര്യാർത്ഥം റീപ്രിന്റ് ചെയ്യുമ്പോൾ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഇടവക വികാരിമാർക്കാണ്. ശുശ്രൂഷാക്രമത്തിന്റെ ഉള്ളടക്കം ഭേദപ്പെടുത്തി മുദ്രണം ചെയ്യുവാൻ ആരും ശ്രമിക്കരുത് എന്നും ഓർമ്മിപ്പിക്കുന്നു.

അന്താരാഷ്ട്ര വികലാംഗ വർഷമായി ആചരിച്ച 1981 ൽ പ്രവർത്തനം ആരംഭിച്ച കാസർകോട് ചെർക്കള മാർത്തോമ്മാ ബധിര വിദ്യാലയത്തിലെ ഹയർ സെക്കൻഡറി വിഭാഗത്തിന് 2026-27 അധ്യയന വർഷം മുതൽ എയ്ഡഡ് പദവി നൽകാൻ കേരള സർക്കാർ മന്ത്രിസഭാ യോഗം തീരുമാനിച്ചു. മാർത്തോമ്മാ സഭയുടെ കുന്നംകുളം - മലബാർ ഭദ്രാസനത്തിന്റെ ചുമതലയിൽ നടത്തപ്പെടുന്ന ഈ സ്ഥാപനത്തിൽ ഇപ്പോൾ പ്രീ - പ്രൈമറി മുതൽ 12 വരെ ക്ലാസ്സുകളിലായി 114 ബധിര വിദ്യാർത്ഥികൾ അധ്യയനം നടത്തുന്നു. സ്കൂളിന്റെ 1 മുതൽ 10 വരെ ക്ലാസ്സുകൾക്ക് 2005-ൽ എയ്ഡഡ് പദവി ലഭിച്ചു. 2003 ലാണ് ഹയർസെക്കന്ററി വിഭാഗം അവിടെ ആരംഭിച്ചത്. പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലും മികച്ച നിലവാരം പുലർത്തുന്നു. കാസർഗോഡ് ജില്ലയിലെ ഏക ബധിര ഹയർ സെക്കൻഡറി വിദ്യാലയം എന്ന നിലയിലും വിദ്യാർത്ഥികളുടെ ക്ഷേമം മുൻനിർത്തിയുമാണ് ഈ സർക്കാർ തീരുമാനം ഇപ്പോൾ ഉണ്ടായിട്ടുള്ളത്. ഇതിന് വേണ്ട ആലോചനയും സർക്കാർതല ഇടപെടലുകളും നടത്തിയ എല്ലാവരെയും അഭിനന്ദിക്കുന്നു.

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ശുശ്രൂഷയും സാക്ഷ്യവും വിശ്വാസ്യതയോടെയും നിയമാനുസൃതമായും മുന്നോട്ടു കൊണ്ടുപോകുന്നതിന് സാമ്പത്തിക ഇടപാടുകളിൽ പരമാവധി സുതാര്യതയും ഉത്തരവാദിത്വവും അനിവാര്യമാണ്. നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൊണ്ടുവന്നിട്ടുള്ള നികുതി നിയമങ്ങളും അക്കൗണ്ടിംഗ് ചട്ടങ്ങളും കർശനമായി പാലിക്കേണ്ടതാകയാൽ, സർക്കുലർ നമ്പർ 177 മുഖാന്തിരം അറിയിച്ചിട്ടുള്ള നിർദേശങ്ങൾ എല്ലാ ഇടവകകളും സംഘടനകളും സ്ഥാപനങ്ങളും നിർബന്ധമായും പാലിക്കണമെന്ന് വീണ്ടും ഉദ്ബോധിപ്പിക്കുന്നു. സഭയിലെ വിവിധ സമിതികളിലെ സാമ്പത്തിക, അക്കൗണ്ടിംഗ് നടപടി ക്രമങ്ങൾ ഇന്ത്യാ ഗവൺമെന്റ് അനുശാസിക്കുന്ന അക്കൗണ്ടിംഗ് രീതികളും നിയമങ്ങളും ചട്ടങ്ങളും പാലിച്ചു കൊണ്ട് തയ്യാറാക്കുന്നതിന് സഹായകമായ മാർഗ്ഗനിർദ്ദേശങ്ങൾ (Accounting and Auditing Guidelines Book) പ്രസിദ്ധികരിച്ചിട്ടുണ്ട്. അവ പാലിച്ചു കൊണ്ട് സാമ്പത്തിക കാര്യങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കണം. സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തിലേക്ക് നാം പ്രവേശിക്കുന്നു. മാർച്ച് 31 നകം ചെയ്തു പൂർത്തീകരിക്കേണ്ട കാര്യങ്ങൾ സമയബന്ധിതമായി നിർവ്വഹിക്കുവാൻ ഉത്തരവാദിത്വപ്പെട്ടവർ ശ്രദ്ധിക്കണം.

മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ 75-ാം ജന്മദിനത്തോടനുബന്ധിച്ച് ആരംഭിച്ച വിദ്യാഭ്യാസ സഹായ പദ്ധതിയാണ് ലക്ഷ്യ പ്രോജക്ട്. പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞ് സാമ്പത്തിക പരാധീനതകളാൽ ഉപരിപഠനം നടത്താനാവാത്ത സമർത്ഥരായ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത ഡിഗ്രി കോഴ്സുകൾ പഠിക്കുന്നതിന് ഫീസ് നൽകി സഹായിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മിഷൻ ഫീൽഡുകളിലും ഗ്രാമങ്ങളിലുമുള്ള സമർത്ഥരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ വിദ്യാർത്ഥികളെ കണ്ടെത്തി ഉന്നത വിദ്യഭ്യാസം നൽകി സുവിശേഷ പ്രവർത്തനങ്ങൾക്കും ഇതര സേവന

സരണികളിലേക്കും ഒരുക്കുന്ന പദ്ധതിയും ലക്ഷ്യ യുടെ ഭാഗമാണ്. കഴിഞ്ഞ രണ്ട് വർഷമായി എഞ്ചി നിയറിംഗ്, എം. ബി. ബി. എസ്., എം. ബി. എ., നേഴ്സിംഗ് എന്നിങ്ങനെ വിവിധ കോഴ്സുകൾ ക്കായി 35 വിദ്യാർത്ഥികളെ സഹായിച്ച് വരുന്നു. ഒരു വിദ്യാർത്ഥിക്ക് ഒരു വർഷം പരമാവധി 1 ലക്ഷം രൂപ വീതം പഠന ചിലവിനായി നല്കുന്നുണ്ട്. അപേക്ഷ കരുടെ എണ്ണം ധാരാളമാകയാൽ ടി ആവശ്യത്തി ലേക്ക് ഇനിയും ഫണ്ട് കണ്ടെത്തേണ്ടതായിട്ടുണ്ട്. സാമ്പത്തികമായി കഴിവുള്ളവർ ഇതിലേക്ക് സംഭാ വനകൾ നല്കുന്നത് സഹായകരമാണ്.

വികാരി ജനറൽ വന്ദ്യദിവ്യശ്രീ കെ. വൈ. ജേക്കബ് കശ്ശീശാ (കൊട്ടാരക്കര) കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ഇടവക, ഭദ്രാസന തലങ്ങളിലും സ്ഥാപനകളിലും അച്ചനിലൂടെ ലഭിച്ച ധന്യമായ ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തുതിക്കാം. പ്രമുഖ സാമൂഹിക ശാസ്ത്രജ്ഞനും ഡൽഹി ജവഹർ ലാൽ നെഹ്റു യൂണിവേഴ്സിറ്റി പ്രൊഫസറും World Congress of Sociology അധ്യക്ഷനുമായിരുന്ന പത്മ ഭൂഷൺ പ്രൊഫ. ടി.കെ. ഉമ്മൻ അന്തരിച്ചു. ന്യൂഡൽഹി ജെറുസലേം മാർത്തോമ്മാ ഇടവക അംഗവും ഫരീദാബാദ് Dharmajyothi Vidhyapeet ഗവേർണിംഗ് ബോർഡ് അംഗവുമായിരുന്നു. വേർപാടിന്റെ വേദന യിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്ക് ചേരുകയും സഭയുടെ അനുശോചനം അറിയി ക്കുകയും ചെയ്യുന്നു.

മാർച്ച് മാസത്തിലെ ആരാധന മദ്ധ്യേയുള്ള ചിന്താ വിഷയങ്ങൾ ക്രിസ്തീയ വിളിയെയും ദൗത്യങ്ങ ളെയും ഓർമ്മപ്പെടുത്തുന്നതാണ്. മാർച്ച് ഒന്നാം തീയതി അന്യോന്യം ഭാരങ്ങളെ ചുമക്കുന്നതിനുള്ള വിളിയെ കുറിച്ചാണ് സഭ ധ്യാനിക്കുന്നത്. കഫർ ന്നഹൂമിലെ ഭവനത്തിൽ യേശുവിന്റെ അടുത്ത് ഒരു തളർവാത രോഗിയെ ചുമന്നു കൊണ്ടു വന്ന്, മേൽപ്പുര പൊളിച്ച് ഇറക്കിവെച്ച സന്ദർഭത്തെയാണ് അന്നത്തേക്കുള്ള വിശുദ്ധ ഏവൻഗേലിയോൻ വിവ രിക്കുന്നത്. മറ്റുള്ളവരുടെ ഭാരങ്ങളെ ചുമക്കുന്ന വിശ്വാസം യേശു അംഗീകരിക്കുന്ന വിശ്വാസമാണ്. തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമക്കുന്നതിലൂടെയാണ് ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിക്കുന്നത്. സഭയിലും ഇടവകകളിലും ഭവനങ്ങളിലും ഈ പ്രമാണം പാലിക്കുവാൻ ദൈവം നമുക്ക് കൃപ നൽകട്ടെ.

മാർച്ച് എട്ടാം തീയതി സകലരെയും ഉൾക്കൊള്ളാ നുള്ള വിളി എന്ന വിഷയം സഭ ധ്യാനിക്കുന്നു. സോർ, സീദോൻ പ്രദേശത്ത് എത്തിച്ചേർന്ന കർ ത്താവിന്റെ അടുത്ത് ഒരു കനാന്യ സ്ത്രീ വന്നു അവളുടെ മകൾക്ക് സൗഖ്യം വരുത്തുന്ന സന്ദർഭ മാണ് വിശുദ്ധ ഏവൻഗേലിയോൻ വിശദീകരി ക്കുന്നത്. ക്രിസ്തുയേശുവിലെ വിശ്വാസത്താൽ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു എന്ന വിശ്വാസത്തെ അടിവരയിട്ട് പറയുവാൻ എല്ലാ വിശ്വാസികൾക്കും സാധിക്കണം. ഈ സുവാർത്ത വാക്കുകൊണ്ടും പ്രവർത്തികൊണ്ടും ലോക ത്തോട് അറിയിക്കുവാൻ സഭ വിളിക്കപ്പെട്ടിരിക്കുന്നു.

മാർച്ച് പതിനഞ്ചാം തീയതി വിമോചിപ്പിക്കുവാ നുള്ള വിളിയെ കുറിച്ചാണ് സഭ ധ്യാനിക്കുന്നത്. ഒരു പള്ളിയിൽ യേശു ഉപദേശിച്ചു കൊണ്ടിരിക്കുമ്പോൾ കൂനിയായ ഒരു സ്ത്രീയെ കണ്ടപ്പോൾ അവളെ അടുത്ത് വിളിച്ച് കർത്താവ് സൗഖ്യം നൽകുകയും ചെയ്തു. ശബത്ത് നാളിലെ രോഗസൗഖ്യം പള്ളി പ്രമാണിക്ക് നീരസം ഉണ്ടാക്കി. എന്നാൽ യേശു ശബത്തു നാൾ ബന്ധന വിടുതി നൽകേണ്ട ദിവസ മാണ് എന്നു പ്രസ്താവിച്ചു. പലതരത്തിലുള്ള ബന്ധനങ്ങൾ അനുഭവിക്കുന്നവരെ വിമോചിപ്പിച്ച യക്കുവാൻ ക്രിസ്തുവിന്റെ അനുഗാമികൾക്ക് ഉത്തരവാദിത്വമുണ്ട്. ഈ നിയോഗം നിറവേറ്റുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

മാർച്ച് 22-ാം തീയതി മുപ്പത്താറാം ഞായറാഴ്ച ബർത്തീമായി എന്ന കുരുടനു സൗഖ്യം ലഭിക്കുന്ന സന്ദർഭത്തെയാണ് സഭ ധ്യാനിക്കുന്നത്. യേശു യെരുശലെമിലേക്കും കാൽവരിയിലേക്കും ഉള്ള യാത്രയിൽ ആയിരുന്നു. കുരിശിലൂടെ ഒഴുക്കപ്പെട്ട കൃപയുടെ സാക്ഷാത്കാരം അനുഭവമാക്കാൻ ക്രിസ്തു സകലരെയും ക്ഷണിക്കുന്നു. സൗഖ്യമായ ബർത്തീമായി യേശുവിനെ അനുഗമിച്ചു. കൃപയും സത്യവും നിറഞ്ഞവനായ ക്രിസ്തുവിന്റെ അനുഗാമി കളായി കൃപയുടെ കൈവഴികൾ ആകാൻ നമ്മെയും യേശു ക്ഷണിക്കുന്നുണ്ട്.

മാർച്ച് 29 ഹോശാന ഞായറാഴ്ചയായി സഭ കൊണ്ടാ ടുകയാണ്. സമാധാന രാജാവിന്റെ പ്രവേശനം എന്ന ചിന്താവിഷയമാണ് ധ്യാനിക്കുന്നത്. ആക്രമണത്തി ന്റെയും പിടിച്ചടക്കലിന്റെയും കുതിരശക്തിയിലല്ല, സഹനത്തിന്റെയും സഹിഷ്ണുതയുടെയും ആത്മ ബലത്തിലാണ് ദൈവരാജ്യം നിലനിൽക്കുന്നത്. മനസ്സലിവ്, ദയ, താഴ്മ, ദീർഘ ക്ഷമ എന്നിവയും അതിലുപരിയായി സ്നേഹവും സമാധാനവും ധരി ക്കുന്ന ജനതകൾക്കു മാത്രമേ ദൈവരാജ്യത്തിന്റെ മുന്നേറ്റത്തിൽ പങ്കാളികളാകാൻ കഴിയുകയുള്ളൂ. ജീവിതങ്ങളിലേക്ക് സമാധാന രാജാവിന്റെ എഴു ന്നള്ളത്താണ് ഹോശാന പഠിപ്പിക്കുന്നത്. നമ്മുടെ ജീവിതത്തിലും അത്തരത്തിലുള്ള അനുഭവങ്ങൾ സ്വായത്തമാക്കുന്നതിന് നോമ്പും വിശുദ്ധ വാരാചര ണവും മുഖാന്തിരമാകണമെ എന്ന് പ്രാർത്ഥിക്കാം.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേ വരോടും കൂടെയിരിക്കട്ടെ.

പുലാത്തീൻ
26.02.2026

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**